"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഒളരിക്കര ഇ.എസ്.ഐ ഹോസ്പിറ്റൽ പരിസരത്ത് കുടുംബശ്രീയുടെ മിനി കോഫി ഔട്ട്ലെറ്റ് തുടങ്ങുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.823/2026/LBR തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:- 1) തൃശ്ശൂർ നഗരസഭയുടെ സി.ഡി.എസ് II, കുടുംബശ്രീ, ചെയർപേഴ്സൺ സമർപ്പിച്ച 25.10.2025 ലെ അപേക്ഷ.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 18.03.2026 ലെ ഡി2-2453/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഒളരിക്കര ഇ.എസ്.ഐ ഹോസ്പിറ്റൽ പരിസരത്ത് കുടുംബശ്രീയുടെ മിനി കോഫി ഔട്ട്ലെറ്റ് തുടങ്ങുന്നതിന് അനുമതിക്കായി തൃശ്ശൂർ നഗരസഭയുടെ സി.ഡി.എസ് II, കുടുംബശ്രീ, ചെയർപേഴ്സൺ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ ശിപാർശ സഹിതം പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഒളരിക്കര ഇ.എസ്.ഐ ഹോസ്പിറ്റൽ പരിസരത്ത് കുടുംബശ്രീയുടെ മിനി കോഫി ഔട്ട്ലെറ്റ് ആരംഭിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളോടെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) സർക്കാരിന് യാതൊരുവിധ സാമ്പത്തികബാധ്യതയും ഉണ്ടാകാൻ പാടില്ല.

(ii) മിനി കോഫി ഔട്ട്ലെറ്റിന്റെ പ്രവർത്തനം ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കരുത്.

(iii) മിനി കോഫി ഔട്ട്ലെറ്റ് തുടങ്ങുന്നതിൻ്റെ ഭാഗമായി കെട്ടിടം പണിയുകയോ ആശുപത്രിയിൽ നിന്നുള്ള വെള്ളം, വൈദ്യുതി എന്നിവ ഉപയോഗിക്കാനോ പാടില്ല.

(iv) പൊളിച്ചു മാറ്റുന്ന രീതിയിൽ താത്കാലിക ഷെഡ്ഡ് പണിയേണ്ടതും വാഹനത്തിൽ ഉപകരണങ്ങളും ഭക്ഷണ സാധനങ്ങളും കൊണ്ട് വരേണ്ടതും

മാലിന്യങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

(v) ആഹാര സാധനങ്ങൾ ശുചിത്വത്തോട് കൂടിയും പരിസര ശുചിത്വം പാലിച്ചും വിതരണം ചെയ്യേണ്ടതും ഇത് സംബന്ധിച്ച എന്തെങ്കിലും ലൈസൻസ് ആവശ്യമാണെങ്കിൽ സ്വന്തം ഉത്തരവാദിത്വത്തിൽ നേടി പ്രവർത്തിക്കേണ്ടതുമാണ്.

(vi) മിനി കോഫി ഔട്ട് ലെറ്റിൻ്റെ പ്രവർത്തനം ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതിനായി മാത്രം നിജപ്പെടുത്തേണ്ടതും മറ്റു സാധന സാമഗ്രികൾ ഒന്നും തന്നെ വിൽപ്പന നടത്തുകയോ സേവനങ്ങൾ ഒന്നും തന്നെ തുടങ്ങുവാനോ ഏർപ്പെടുവാനോ പാടില്ല.

(vii) മിനി കോഫി ഔട്ട് ലെറ്റിലെ ജീവനക്കാർക്ക് തിരിച്ചറിയൽ രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്. ആശുപത്രി ജീവനക്കാർക്ക് ഭക്ഷണ പലഹാരങ്ങൾ സബ്സിഡി നിരക്കിൽ നൽകേണ്ടതുമാണ്.

(viii) മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതും അപേക്ഷകരുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. 11 മാസത്തെ കാലാവധിക്ക് ശേഷം തുടരണമെങ്കിൽ നിയമാനുസൃതമായുള്ള കരാർ വിളിക്കുകയും ലഭ്യമായതിൽ നിന്നും ഉചിതമായ ക്വട്ടേഷൻ സ്വീകരിച്ച് കരാർ പുനഃനിർണയം ചെയ്യാൻ സൂപ്രണ്ടിന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680 020.
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഒളരിക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് &ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Salini S
Date: 29-07-2026
16:57:40
സെക്ഷൻ ഓഫീസർ